"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ നഗരസഭയിലെ ഡ്രൈവർ ഗ്രേഡ് II (LDV) തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.രമേശ് കെ. യ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2156/2024/LSGD തീയതി,തിരുവനന്തപുരം, 11-11-2024

പരാമർശം:- 1. ശ്രീ.രമേശ് കെ. സമർപ്പിച്ച ശൂന്യവേതനാവധി അപേക്ഷകൾ

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 11.1.2024, 16.05.2024 തീയതികളിലെ LSGD/PD/4189/2023-DEE5 നമ്പർ കത്തുകൾ.

**ഉത്തരവ്**

കണ്ണൂർ നഗരസഭയിലെ ഡ്രൈവർ ഗ്രേഡ് II (LDV) തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.രമേശ്.കെ യ്ക്ക് ഇൻടം സെറിബ്രൽ ഹെമറേജ് എന്ന രോഗം സ്ഥിരീകരിക്കുകയും ടിയാന് ജോലിയിൽ ഹാജരാകാൻ കഴിയില്ലെന്നും ആയതിനാൽ ടിയാന് 25/10/2018 മുതൽ 18/4/2020 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധിയും 19/4/2020 മുതൽ 21/12/2020 വരെ ശൂന്യവേതനാവധിയും അനുവദിക്കുന്നതിനായി ടിയാൻ പരാമർശം (1) പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ നഗരസഭയിലെ ഡ്രൈവർ ഗ്രേഡ് II (LDV) തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.രമേശ്.കെ യ്ക്ക് 25.10.2018 മുതൽ 18.04.2020 വരെയുള്ള കാലയളവിലേയ്ക്ക് ലഭ്യമാക്കിയിരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിലെ രോഗവിവരം കണക്കിലെടുത്ത് അപേക്ഷകന് ടി കാലയളവ് ആർജ്ജിത അവധിയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലും, 19.04.2020 മുതൽ 21.12.2020 വരെയുള്ള കാലയളവ്, മെഡിക്കൽ സർട്ടിക്കറ്റിന്റെ അഭാവത്തിൽ ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയും കെ.എസ്.ആർ ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം (ശ്രീ.രമേശ്.കെ യുടെ സേവനപുസ്തകം സഹിതം)

സെക്രട്ടറി, കണ്ണൂർ നഗരസഭ

ശ്രീ.രമേശ്.കെ, ഡ്രൈവർ ഗ്രേഡ് II (LDV) (റിട്ട.) (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 11-11-2024 17:02:51
സെക്ഷൻ ഓഫീസർ